"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട്- തിരൂർ നഗരസഭയിലെ ജീവനക്കാരായിരുന്ന ശ്രീ. ടി. ജുബികൃഷ്ണൻ, ശ്രീമതി എം. കൗസു എന്നിവർക്കെതിരായ അച്ചടക്ക നടപടി - അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1869/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/09/2021

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.01.2018 തീയതിയിലെ ഇ15(എസ്.സി.05/2017/എം.പി.എം) 32561/17 നമ്പർ കത്ത്
2. 04.05.2018 തീയതിയിലെ ഇയു2-172/2018/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 02.12.2019തീയതിയിലെ വി2-11096/18 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ്, തിരൂർ നഗരസഭയിൽ 04.03.2017 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ, നഗരസഭയിലെ പരസ്യനികുതി ഈടാക്കുന്നതിന് നിലവിലെ നിയമങ്ങളും/ ചട്ടങ്ങളും പാലിച്ചിട്ടില്ലെന്നും, 2016-17 വർഷത്തെ പരസ്യനികുതി ഇനത്തിൽ 28,000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ലെന്നും കണ്ടെത്തിയതിനെ തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായ റവന്യൂ ഇൻസ്പെക്ടർ ശ്രീ. ടി. ജുബികൃഷ്ണൻ, സീനിയർ ക്ലാർക്ക് ശ്രീമതി എം. കൗസു എന്നീ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ബന്ധപ്പെട്ട ജീവനക്കാർ ലഭ്യമാക്കിയ മറുപടിയും, വിജിലൻസ് റിപ്പോർട്ടും തിരൂർ നഗരസഭയിലെ ബന്ധപ്പെട്ട ഫയലും പരിശോധിച്ച് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ജുബികൃഷ്ണൻ ടി., റവന്യൂ ഇൻസ്പെക്ടർ സമർപ്പിച്ച മറുപടി പ്രകാരം പരസ്യ നികുതി പിരിവ് കുത്തക 2016-17 സാമ്പത്തിക വർഷത്തേക്ക് ലേലത്തിന് എടുത്ത കരാറുകാരനായ ശ്രീ. കെ. നൗഷാദ് എന്നവരോട് ലേലതുകയുടെ അവസാന ഗഡുവായി അടവാക്കാൻ ബാക്കിയുള്ള 28,000/- രൂപ അടവാക്കുന്നതിന് യഥാസമയം അറിയിച്ചിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ 04.03.2017-ലെ 116011-14300 നമ്പർ റസീപ്റ്റ് പ്രകാരം 28,000/- രൂപ പിഴപ്പലിശ ഉൾപ്പെടെ ടിയാൻ നഗരസഭയിൽ അടവാക്കിയിട്ടുള്ളതുമാണെന്നും, കരാറുകാരൻ 16-17 സാമ്പത്തിക വർഷത്തിൽ അടവാക്കാനുള്ള തുക ടി സാമ്പത്തിക വർഷം തന്നെ നഗരസഭാ ഓഫീസിൽ അടവാക്കിയിട്ടുള്ളതാണെന്നും, നഗരസഭയ്ക്ക് ഇക്കാര്യത്തിൽ യാതൊരു സാമ്പത്തിക

നഷ്ടവും വന്നിട്ടില്ലെന്നും, ആയതിനാൽ ടിയാനെതിരെ സ്വീകരിച്ചിട്ടുള്ള നടപടി ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. കുറ്റാരോപണ മെമ്മോയ്ക്ക് സീനിയർ ക്ലാർക്ക് ശ്രീമതി. കൗസു സമർപ്പിച്ച മറുപടി പ്രകാരം 2016-17 വർഷത്തിൽ പരസ്യ നികുതി പിരിവ് കുത്തകക്കെടുത്ത കരാറുകാരൻ ടി ഇനത്തിൽ ഒടുക്കു വരുത്താൻ ബാക്കിയുള്ള തുകയായ 28,000/- രൂപ 04.03.2017-ലെ 01/116011-14300 നമ്പർ രസീത് പ്രകാരം നഗരസഭാ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുള്ളതും ആയതിനാൽ ടിയാരിയുടെ പേരിൽ ചുമത്തിയ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനും അപേക്ഷിച്ചിരുന്നു.

4. ടി വിഷയവുമായി ബന്ധപ്പെട്ട തിരൂർ നഗരസഭയിലെ ഫയലും മറ്റ് റിക്കാർഡുകളും പരിശോധിച്ചതിൽ പരസ്യനികുതിക്ക് ബൈലോ ഉള്ളതും 2016-17 വർഷത്തിൽ പരസ്യനികുതി പിരിവ് കരാറെടുത്ത കരാറുകാരൻ കുടിശ്ശിക വരുത്തിയതിന് പല തവണ നോട്ടീസ് കൊടുത്തതായും ടി കരാറുകാരൻ 04.03.2017-ലെ 01/11601114300 നമ്പർ രസീത് പ്രകാരം കുടിശ്ശികയായ 28,000/- രൂപയും 2,000/- രൂപ പലിശയും ഉൾപ്പെടെ 30,000/- രൂപ 2016-17 സാമ്പത്തിക വർഷം തന്നെ നഗരസഭാ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുള്ളതായും കാണുന്നതിനാൽ ടി ജീവനക്കാരുടെ മറുപടി അംഗീകരിക്കാവുന്നതാണെന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. ജീവനക്കാരുടെ മറുപടിയും മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും ശ്രീമതി. കൗസു എം. 31.05.2018-ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള വസ്തുത കണക്കിലെടുത്തും, ടി ജീവനക്കാർക്കെതിരെയുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശചെയ്യുന്നു

6. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, ജീവനക്കാരുടെ പ്രതിവാദപത്രിക, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ 2016-17 വർഷത്തെ പരസ്യനികുതി ഇനത്തിൽ 28,000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ലെന്ന ആരോപണത്തിലാണ് പ്രധാനമായും റവന്യൂ ഇൻസ്പെക്ടർ ശ്രീ. ടി. ജൂബികൃഷ്ണൻ, സീനിയർ ക്ലാർക്ക് ശ്രീമതി എം. കൗസു എന്നീ ജീവനക്കാർക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. എന്നാൽ വിജിലൻസ് പരിശോധന നടന്ന 04.03.2017ന് തന്നെ പ്രസ്തുത തുക പലിശ സഹിതം കരാറുകാരൻ നഗരസഭാ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുള്ളതാണ്. ആയതിനാൽ ആരോപണവിഷയത്തിൽ തിരൂർ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. ടി. ജൂബികൃഷ്ണൻ, സീനിയർ ക്ലാർക്ക് ശ്രീമതി എം. കൗസു എന്നിവരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലായെന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് തിരൂർ നഗരസഭയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് ടി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. ടി. ജൂബികൃഷ്ണൻ, സീനിയർ ക്ലാർക്ക് ശ്രീമതി എം. കൗസു എന്നീ ജീവനക്കാർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ. ടി. ജൂബികൃഷ്ണൻ, റവന്യൂ ഇൻസ്പെക്ടർ, തിരൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീമതി എം. കൗസു, സീനിയർ ക്ലാർക്ക്, തിരൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ